**25.06.2019**

# ഡോക്യൂമെന്ററികളെത്തേണ്ടത് ക്ലാസ്സ്മുറികളിലേക്ക് : പങ്കജ് ഋഷികുമാർ

സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമല്ല ഡോക്യൂമെന്ററികളെന്നത് നിരാശാജനകമെന്ന് സംവിധായകൻ പങ്കജ് ഋഷികുമാർ. പന്ത്രണ്ടാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയുടെ ഭാഗമായി 'ഡോക്യുമെന്ററി : ബോധന ശാസ്ത്രം എന്ന നിലയിൽ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഹൊറൈസൺ ഹോട്ടലിൽ നടന്ന സെമിനാറിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോളേജ് വിദ്യാഭ്യാസത്തിലേക്ക് കടന്നതിന് ശേഷം മാത്രമാണ് പലരും ഡോക്യൂമെന്ററികളിലേക്ക് എത്തപ്പെടുന്നത്.അപ്പോഴേയ്ക്കും ഭൂരിഭാഗം പേരും വാണിജ്യ സിനിമയുടെ പിടിയിലകപ്പെട്ടിരിക്കും. അതിനെ അതിജീവിച്ച് മാത്രമേ ഡോക്യൂമെന്ററികളിലേക്ക് എത്തിച്ചേരാൻ കഴിയുന്നുള്ളൂ എന്നും അദ്ദേഹം വ്യക്തമാക്കി. ഒരാളെ, താനുമായും തനിക്ക് ചുറ്റുമുള്ള ലോകവുമായും ക്രിയാത്മകമായി ഇടപെടാൻ പ്രേരിപ്പിക്കുന്നവയാകണം ഡോക്യൂമെന്ററികളെന്ന് ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിലെ അദ്ധ്യാപിക കൂടിയായ അഞ്ജലി മൊണ്ടേറിയോ പറഞ്ഞു.വിദ്യാർത്ഥികളെ മുംബൈയുടെ വിവിധ വശങ്ങൾ പരിചയപ്പെടുത്താൻ ഡോക്യൂമെന്ററികളെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞ അനുഭവം അവർ പങ്കുവച്ചു. കൂടുതൽ അർത്ഥതലങ്ങൾ എങ്ങനെ ഉയർത്തിക്കൊണ്ട് വരാനാകും എന്നതിലും പൊതുജന പങ്കാളിത്തം എങ്ങനെ വർദ്ധിപ്പിക്കാം എന്നതിലും കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയണമെന്ന് ദേശീയ പുരസ്കാര ജേതാവും എഡിറ്ററുമായ സഞ്ജീവ് ഷാ പറഞ്ഞു. ഡിജിറ്റൽ സാങ്കേതിക വിദ്യ തുറന്ന സാദ്ധ്യതകൾ അനന്യമാണെന്ന് സംവിധായകൻ വിപിൻ വിജയ് പറഞ്ഞു.

കഴിഞ്ഞ 20 വർഷത്തെ ഇന്ത്യൻ ചലച്ചിത്ര ചരിത്രം പരിശോധിച്ചാൽ അതിനെ ലോക ശ്രദ്ധയിലെത്തിച്ചത് ഡോക്യൂമെന്ററികളാണെന്ന് വ്യക്തമാകുമെന്ന് ചലച്ചിത്ര നിരൂപകൻ സി.എസ് വെങ്കിടേശ്വരൻ പറഞ്ഞു. ഇന്ത്യയിലുയർന്നുവന്ന എല്ലാ മനുഷ്യാവകാശ സമരങ്ങൾക്കും സജീവ പിന്തുണ നൽകിയ ഡോക്യൂമെന്ററികൾ പ്രതിപക്ഷത്തിന്റെ പ്രവർത്തനം കൂടി നടത്തുന്ന മാധ്യമമാണെന്നും അദ്ദേഹം പറഞ്ഞു. പന്ത്രണ്ടാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയുടെ ഭാഗമായി കെ.ആർ നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന്റെ സഹകരണത്തോടെ ചലച്ചിത്ര അക്കാദമിയാണ് സെമിനാർ സംഘടിപ്പിച്ചത്.